"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള സംസ്ഥാന വഖഫ് ബോർഡ് - സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം 2024-25 - രണ്ടാം ഗഡു റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.751/2025/RD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. 06.11.2024 തീയതിയിലെ സ.ഉ. (സാധാ) നം.2664/2024/റവ നമ്പർ സർക്കാർ ഉത്തരവ്.
2. കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.03.2025 തീയതിയിലെ ബി5-937/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന വഖഫ് ബോർഡിന് "2075-00-800-78 വഖ്ഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം" എന്ന ശീർഷകത്തിൽ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 132 ലക്ഷം രൂപയിൽ 72,60,000/- രൂപ ആദ്യ ഗഡുവായി പരാമർശം 1-ലെ ഉത്തരവ് പ്രകാരം റിലീസ് ചെയ്ത് ഉത്തരവാകുകയുണ്ടായി.

2] 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വഖ്ഫ് ബോർഡിന് '2075-00-800-78 വഖ്ഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം' എന്ന ശീർഷകത്തിൽ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 1 കോടി 32 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി അനുവദിച്ച 72,60,000/- രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതാണ് എന്നും ആയതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതുമാണ് എന്നും എന്നാൽ സർക്കാർ ധനസഹായം (പ്ലാൻ നോൺ പ്ലാൻ) സ്വീകരിച്ച സ്ഥാപനങ്ങൾ തങ്ങളുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളിലെയും 80 ശതമാനത്തിൽ കുറയാത്ത നിക്ഷേപങ്ങൾ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുവാൻ വേണ്ട അടിയന്തര നടപടികൾ അടുത്ത ഗഡു ഗ്രാൻറ് due ആകുന്നതിന് മുമ്പ് പൂർത്തിയാക്കേണ്ടതാണെന്നും എന്നാൽ മാത്രമേ അടുത്ത ഗഡു ഗ്രാൻറ് അനുവദിക്കുകയുള്ളൂവെന്ന സർക്കാർ നിർദ്ദേശം നടപ്പാക്കുന്നതിനായി വഖ്ഫ് ബോർഡിന്റെ ഭരണപരമായ കാര്യങ്ങൾ തീരുമാനിക്കുന്ന വഖ്ഫ് ബോർഡ് യോഗം ചേർന്ന് തീരുമാനിക്കേണ്ടതുണ്ട് എന്നും വഖ്ഫ് ബോർഡിന്റെ അടുത്ത യോഗം 15/04/2025 തീയതിയിൽ നിശ്ചയിച്ചിട്ടുള്ളതിനാൽ സർക്കാർ നിർദ്ദേശം ടി യോഗത്തിൽ പാസ്സാക്കി നടപ്പാക്കി വരുന്നത് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുക ലാപ്സ് ആകുന്നതിന് ഇടവരുത്തുന്നതാണ് എന്നും സാമൂഹ്യക്ഷേമ പദ്ധതിയുടെ സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ളതും എന്നാൽ ഫണ്ടിന്റെ അപര്യാപ്ത മൂലം വിതരണം ചെയ്യാൻ സാധിക്കാത്തതുമായ പെൻഡിംഗ്

അപേക്ഷകളുടെ ധനസഹായ വിതരണം പൂർത്തിയാക്കണമെങ്കിൽ 5,85,67,000/- രൂപ വേണ്ടി വരുന്നതാണ് എന്നും ഈ സാഹചര്യത്തിൽ സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 132 ലക്ഷം രൂപയിൽ ആദ്യഗഡുവായി അനുവദിച്ച 72,60,000/- രൂപ കിഴിച്ച് ബാക്കി 59,40,000/- രൂപ എത്രയും വേഗത്തിൽ ബോർഡിന് അനുവദിച്ച് നൽകണമെന്നും, മേൽ പ്രകാരമുള്ള സർക്കാർ നിർദ്ദേശം 2025-26 സാമ്പത്തിക വർഷത്തെ ആദ്യ വഖഫ് ബോർഡ് യോഗത്തിന്റെ പ്രഥമ പരിഗണനയിൽ കൊണ്ടുവരുന്നതാണെന്ന വിവരം സഹിതം, വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന വഖ്ഫ് ബോർഡിന് "2075-00-800-78 വഖ്ഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം" എന്ന ശീർഷകത്തിൽ വകയിരുത്തിയ 132 ലക്ഷം രൂപയിൽ നിന്നും രണ്ടാം ഗഡുവായി 22,44,000/- രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി നാല്പത്തി നാലായിരം രൂപ മാത്രം) റിലീസ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

4] തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ റവന്യൂ (എഫ്) വകുപ്പ് Drawing and Disbursing Officer യഥാവിധി മേലൊപ്പിട്ട ബിൽ ധനകാര്യ വകുപ്പിന്റെ ways and means clearance-ന് വിധേയമായി സെക്രട്ടേറിയറ്റ് സബ് ട്രഷറിയിൽ ഹാജരാക്കി വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രസ്തുത തുക കൈപ്പറ്റാവുന്നതും നിയമപ്രകാരം ആവശ്യാർത്ഥം ടി തുക വിനിയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (26.03.2025-ലെ വ്യയം-ഡി 1/292/2024/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 27-03-2025 14:33:52